# Mathrubhumi

# 23 August 2018

# Kottayam, After Flood, Cause of Flood, Dams

## ഡാംമൂലമുള്ള ദുരന്തമെന്ന് മേധാപട്കർ

### കൂടുതൽ സഹായത്തിന് പ്രധാനമന്ത്രിക്ക് കത്തയച്ചു

**കോട്ടയം ▸** കേരളത്തിലുണ്ടായത് ഡാമുകാംമൂലമുള്ള ദുരന്തമാണെന്ന് പ്രളയബാധിത പ്രദേശങ്ങാം സന്ദർശിച്ച പരിസ്ഥിതിപ്രവർത്തക മേധാപട്കർ പറഞ്ഞു.

ദുരിതബാധിതർക്ക് കൂടുതൽ സഹായം നൽകണം. ഗുജറാത്തിൽ സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ പ്രതിമ നിർമിക്കാൻ വലിയ തുക ചെലവിടുന്ന കേന്ദ്രസർക്കാർ, കേരളത്തിന് നൽകിയ സഹായം ചെറുതാണ്. യു.എ.ഇ. സർക്കാർ 700 കോടി രൂപ വാഗ്ദാനംചെയ്തിടത്ത് കേന്ദ്രസർക്കാർ 600 കോടിരൂപമാത്രം നൽകിയത് കുറവുതന്നെ. കൂടുതൽ സഹായം ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തെഴുതിയെന്നും അവർ പറഞ്ഞു.

ദേശീയദുരന്തമായി പ്രഖ്യാപിക്കാനും മടിക്കരുത്. ഇക്കാര്യത്തിൽ ദുരഭിമാനം വേണ്ട. കിട്ടാവുന്ന എല്ലാ സഹായവും സ്വീകരിക്കണം. ആഗോളവത്കരണം ഇക്കാര്യത്തിലുമാകാം.



▶ കോട്ടയം സി.എം.എസ്. കോളേജിൽ ദുരിതാശ്വാസക്യാമ്പിലുള്ളവരോട് മേധാപട്കർ വിവരങ്ങൾ തിരക്കുന്നു

ദുരിതബാധിതർക്ക് പണവും വാസയോഗ്യമായ വീടുകളും തൊഴിലും നൽകണം. നഷ്ടങ്ങളെക്കുറിച്ച് കൃത്യമായ കണക്കുണ്ടെങ്കിലേ എല്ലാം സാധ്യമാകൂ.

വലിയ അണക്കെട്ടുകാം ഉള്ളിടത്തെല്ലാം പ്രത്യാഘാതങ്ങളുണ്ട്. നർമദയിലെ അണക്കെട്ട് വന്നതോടെ അവിടെ മഴ കുറഞ്ഞു. ഇങ്ങനെ കുറേക്കാലം നിന്നശേഷം കനത്ത മഴ വരും. കാലാവസ്ഥയിൽ വലിയ മാറ്റങ്ങാംക്ക് ഇടയാക്കുന്നതാണ് വലിയ അണക്കെട്ടുകളെന്ന് തെളിഞ്ഞിട്ടുണ്ട്. ലോകത്തിലെ വലിയ അണക്കെട്ടുകളെക്കുറിച്ച് പഠിക്കാൻ ഐക്യരാഷ്ട്രസംഘടന നിയോഗിച്ച 12 അംഗ സമിതിയിൽ ഇന്ത്യയിൽനിന്നുള്ള ഏക അംഗമായിരുന്നു മേധപട്കർ. ഇനി വലിയ അണക്കെട്ടുകാം നിർമിക്കരുതെന്ന നിർദേശം സമിതി സമർപ്പിച്ചിരുന്നു.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിൽ കേരളവും തമിഴ്നാടും നടത്തുന്ന ചർച്ചകളിൽ ജനകീയ പങ്കാളിത്തംകൂടി വേണം. രണ്ടിടത്തെയും ജനങ്ങാം ഇക്കാര്യത്തിൽ ബദൽ നിർദേശം മുന്നോട്ടുവെയ്ക്കണം. മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136 അടിയായി നിജപ്പെടുത്താൻ മടിക്കരുതെന്നും അവർ ആവശ്യപ്പെട്ടു.

കോട്ടയം സി.എം.എസ്. കോളേജിലെ ക്യാമ്പിൽ ദുരിതബാധിതരെ കാണാനെത്തിയ അവരെ പ്രിൻസിപ്പൽ ഡോ. റോയി സാം ഡാനിയൽ, ക്യാമ്പ് കൺവീനർ കൂടിയായ സംവിധായകൻ ജയരാജ് തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. ഡോ. സി.ആർ.നീലകണ്ഠൻ, കെ.ബിനു, സൈനബ, അഥീന സുന്ദർ തുടങ്ങിയവരും മേധാ പട്കർക്കൊപ്പമുണ്ടായിരുന്നു. തുടർന്ന് ചങ്ങനാശ്ശേരിയിലെ ദുരിതാശ്വാസക്യാമ്പിലും അവർ പോയി. വ്യാഴാഴ്ച ആലുവ, തൃശ്ശൂർ മേഖലയിലെ പ്രളയദുരിത പ്രദേശങ്ങളിൽ അവരെത്തും.